# കെ.എസ്.ഇ.ബി എംപ്ലോയീസ് വെൽഫയർ ഫണ്ട്

**പേഴ്സണൽ ഡിപ്പാർട്ട്മെന്റ്**

**വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695004.**

**ഫോൺ : 0471 2514527, 2514608** **ഇ-മെയിൽ : pokseb@gmall.com**

KSEBL/SEC/PD/1310/2024-CPO **തീയതി: 27/06/2026**

## പരിപത്രം

വിഷയം :- വെൽഫയർ ഫണ്ടിൽ നിന്നും 2026 വർഷത്തേയ്ക്ക് വിദ്യാഭ്യാസ അവാർഡ് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന :- (1) സർക്കുലർ നമ്പർ KSEBL/SEC/PD/868/2024-CPO തീയതി 11.06.2026

(2) കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷന് (AITUC) ജനറൽ സെക്രട്ടറിയുടെ 24.06.2026 തീയതി പ്രകാരമുള്ള കത്ത്.

(3) കെ.എസ്.ഇ.ബി വർക്കേഴ്സ് അസോസിയേഷൻ (സി.ഐ.ടി.യു) ജനറൽ സെക്രട്ടറിയുടെ 25.06.2026 തീയതി പ്രകാരമുള്ള കത്ത്.

കെ.എസ്.ഇ.ബി എംപ്ലോയീസ് വെൽഫെയർ ഫണ്ടിലെ വ്യവസ്ഥകളനുസരിച്ച് വിദ്യാഭ്യാസ അവാർഡിനുള്ള അപേക്ഷകൾ 27.06.2026-ന് മുൻപായി സമർപ്പിക്കുന്നതിന് സൂചന (1) പ്രകാരം പരിപത്രം പുറപ്പെടുവിച്ചിരുന്നു. എന്നാൽ, സി.ബി.എസ്.ഇ. വിദ്യാർത്ഥികളുടെ റീവാല്യവേഷൻ ഉൾപ്പെടെയുള്ള പരീക്ഷാഫലങ്ങൾ ഇതുവരെ പ്രസിദ്ധീകരിക്കാത്ത സാഹചര്യത്തിൽ, അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ദീർഘിപ്പിക്കണമെന്ന് സൂചന (2) പ്രകാരം കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ (AITUC)-യും സൂചന (3) പ്രകാരം കെ.എസ്.ഇ.ബി വർക്കേഴ്സ് അസോസിയേഷൻ (CITU)-യും ആവശ്യപ്പെട്ടിരുന്നു.

മേൽപ്പറഞ്ഞ അപേക്ഷകളും സി.ബി.എസ്.ഇ. വിദ്യാർത്ഥികളുടെ റീവാല്യവേഷൻ ഉൾപ്പെടെയുള്ള പരീക്ഷാഫലങ്ങൾ പ്രസിദ്ധീകരിക്കാത്ത സാഹചര്യവും പരിഗണിച്ച്, വിദ്യാഭ്യാസ അവാർഡിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി **10.07.2026** വരെ ദീർഘിപ്പിച്ചതായി അറിയിക്കുന്നു.

ARU-കളിൽ നിന്ന് പരിശോധന നടത്തി അംഗീകരിച്ച അപേക്ഷകൾ **10.07.2026-ന് വൈകുന്നേരം 5.00 മണിക്ക് മുൻപായി** ഓൺലൈൻ മുഖേന ഈ കാര്യാലയത്തിലേക്ക് നിർബന്ധമായും സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

സെക്രട്ടറി

**കെ.എസ്.ഇ.ബോർഡ് എംപ്ലോയീസ് വെൽഫയർ ഫണ്ട്**